അർഹിക്കുന്നുക്ക പിന്നോക്ക സമുദായങ്ങൾ ഏതെല്ലാമാണെന്നു നോക്കാനാണ് നിയമിക്കപ്പെട്ടിരിക്കുന്നത്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഫീസ് സൌജന്യത്തിനായി അനുവദിക്കപ്പെട്ടിരിക്കുന്ന സമുദായങ്ങളുടെ ലിസ്റ്റിൽ മറ്റു ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തുവാൻ ഗവണ്മെൻറിനു സാധിക്കുമോ?

ശ്രീ. സി. കേശവൻ: പിന്നോക്ക സമുദായങ്ങളുടെ അഡ്വൈസറി ബോർഡിൻറെ ശുപാർശ അനുസരിച്ച് ചില സമുദായങ്ങളെക്കൂടി ആ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ കഴിയും.

ഹരിജൻ ഹോസ്റ്റലുകൾ

*൩. (൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസ സൌകര്യത്തെ ഉദ്ദേശിച്ചു നടത്തിവന്ന ഹരിജൻ ഹോസ്റ്റലുകൾ നിർത്തുകയാൽ ഗവണ്മെൻറിനു ലാഭമുണ്ടെന്നു പറയുമോ;

(ബി) ഹോസ്റ്റലുകൾ നിർത്തുകയും സ്റ്റൈപ്പൻറ് കുറയ്ക്കുകയും ചെയ്തതിൽ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള വൈഷമ്യങ്ങളെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രതിവർഷം ൯൫,൭൫൦ രൂപാ.

(ബി) ഹോസ്റ്റലുകൾ നിർത്തിയതുകൊണ്ട് സൌജന്യമായ താമസസൌകര്യവും ഭക്ഷണസൌകര്യവും ലഭിച്ചിരുന്ന ൫൫൦ വിദ്യാർത്ഥികൾക്ക് വീട്ടിൽ താമസിക്കേണ്ടിവരികയും അതുകൊണ്ട് അവർക്ക് ചില അസൌകര്യങ്ങളെല്ലാം നേരിടുകയും ചെയ്തിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഹോസ്റ്റലുകൾ നിർത്തിയതു് അസൌകര്യംതന്നെയാണ്. അവരുടെ സ്റ്റൈപ്പൻറ് കുറച്ചിട്ടില്ല. നേരെമറിച്ചു് കുറെ കൂട്ടിയിട്ടുണ്ട്. ഫൈനൽ ൦— ൪ ഫോറൽ പിന്നോക്കസമുദായക്കാർക്ക് ഹൈസ്കൂളിലും മിഡിൽ സ്കൂളിലും പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് വസ്ത്രം, പുസ്തകം ഇവ വാങ്ങിക്കുന്നതിനു് യഥാക്രമം ൫൦.൦, ൨൫.൦ രൂപാ എന്ന തോതിൽ ലഭിച്ചു. ഈ ഇനത്തിൽ ആകെ ൨,൩൯,൭൫൦ രൂപയാണ് ചെലവു്

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കോളേജ് വിദ്യാർത്ഥിക്ക് എന്താണ് ഈ വകയിൽ നൽകിവന്നിരുന്നതു്?

ശ്രീ. സി. കേശവൻ: പ്രതിമാസം ൫൫ രൂപാ ആഹാരച്ചെലവിനു് അയിട്ടതന്നെ അനുവദിക്കുന്നുണ്ട്. പുസ്തകം മുതലായവയ്ക്കു് വേറേയും.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഗവണ്മെൻറ് നടത്തുന്ന ഹോസ്റ്റലുകൾ തുടരുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ ൫൫ രൂപാ കോളേജ് വിദ്യാർത്ഥിക്ക് ആഹാരത്തിനു മതിയാകുമോ?

ശ്രീ. സി. കേശവൻ: മതിയാകുന്നില്ലെന്നു പരാതിയുണ്ട്. കൂടുതൽ നൽകുവാൻ ശ്രമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly